**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 483 — 21-10-2011 ൽ മറുപടിക്ക്

## ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്യുതൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.എ.റ്റി.ജോർജ്ജ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) നഗരസഭാ ഓഫീസുകളിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും. ഉണ്ട്. ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഇക്കാര്യം നടപ്പാക്കാൻ ഉദ്ദേശിക്കു ന്നത്; | (സി) ഇൻഫർമേഷൻ കേരളാ മിഷന്റെ സാങ്കേതിക സഹായത്തോടെയാണ് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നത്. |
| (ഡി) ആദ്യഘട്ടത്തിൽ ഏതൊക്കെ നഗരങ്ങളിലാണ നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ഡി) തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനു കളിൽ വസ്തു നികുതിക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ കാസർകോഡ്, കാഞ്ഞങ്ങാട്, കണ്ണൂർ, ഒറ്റപ്പാലം, ഗുരുവായൂർ എന്നീ അഞ്ച് നഗരസഭകളിലും ഇതിലേക്കാവശ്യമായ ഡാറ്റാബേസ് പൂർത്തിയായിട്ടുണ്ട്. |
| (ഇ) സംസ്ഥാനം മുഴുവനും ഇത് വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) തദ്ദേശ ഭരണസ്ഥാപനങ്ങൾ അവരുടെ ഡാറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ